01/12/21.
6/11/2021



സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ CP No.30(6)/2021/എസ്.ഐ.സി.**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.1072/എസ്.ഐ.സി-ജി 5/2021)

സന്നിഹിതൻ

അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീ. ബെന്നി മാത്യു,<br>എഡിറ്റർ, മലയാളം എക്സ്പ്രസ്(പി) ലിമിറ്റഡ്,<br>5 ബി, റെൽകോൺ പ്ലാസ, പട്ടം,<br>തിരുവനന്തപുരം | പരാതി ഹർജിക്കാരൻ |

Vs

| | |
|---|---|
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>ജില്ലാ വിദ്യാഭ്യാസ ആഫീസ്,<br>കൊട്ടാരക്കര -691506 | എതിർകക്ഷി |

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 23.10.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 20.11.2020 |
| കമ്മീഷനിൽ പരാതി ഹർജി നൽകിയ തീയതി | 18.01.2021 |
| കമ്മീഷനിൽ പരാതി ഹർജി ലഭ്യമായ തീയതി | 20.01.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 05.02.2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭ്യമായ തീയതി | 11.02.2021 |
| ഹിയറിംഗ് തീയതി | 10.11.2021 |
| ഹിയറിംഗിലെ സാന്നിദ്ധ്യം<br>ഹർജിക്കാരൻ<br>എതിർകക്ഷി | <br>ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. ബെന്നി മാത്യു കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്ര

കാരം സമർപ്പിച്ച അപേക്ഷയിന്മേൽ ലഭ്യമായ മറുപടി തൃപ്തികരമല്ലെന്നും ആയതിനാൽ കമ്മീഷൻ മറുപടി ലഭ്യമാക്കാൻ ഉചിതമായ നടപടി കൈക്കൊളളണമെന്നുമാണ്.

2. ഹർജിക്കാരൻ 23.10.2020 ന് എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിന്മേൽ ആവശ്യപ്പെട്ടത്, 29.05.2020 ലെ ഓഫീസ് വക നം. ബി1/5511/2019 റിപ്പോർട്ട് കത്തുമായി ബന്ധപ്പെട്ട് കൂടിക്കാഴ്ച നടത്തിയ തീയതി സ്ഥലം കൂടിക്കാഴ്ചയിൽ സംബന്ധിച്ച ഓരോരുത്തരുടേയും വിവരങ്ങൾ ആർക്കെല്ലാം നോട്ടീസ് നൽകിയെന്നും, നൽകിയ തീയതി എന്നാണെന്നും ശ്രീ. ഗ്ലാഡ്സ്റ്റൺ ജോർജ് വർഗീസിനെ ടി സ്കൂളിന്റെ മാനേജരാക്കണമെന്ന് ബഹു. കേരള ഹൈക്കോടതിയുടെ ഏതെങ്കിലും വിധിന്യായത്തിൽ ഉത്തരവായിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ആർക്കാണ് നിർദ്ദേശം നൽകിയിരുന്നതെന്നും മറ്റുമായി 8 പ്രധാന ഇനങ്ങളിലും ഉപഇനങ്ങളിലുമായുളള വിവരങ്ങളാണ്. ടി അപേക്ഷയിന്മേൽ 20.11.2020 ൽ എതിർകക്ഷി മറുപടി നൽകിയിട്ടുളളതായി കാണുന്നു. ആയത് തൃപ്തികരമല്ലെന്നാണ് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ടിയാൻ ബോധിപ്പിച്ചത്.

3. എതിർകക്ഷി കമ്മീഷൻ മുമ്പാകെ 17.02.2021 ൽ സമർപ്പിച്ച റിപ്പോർട്ടിൽ ബോധിപ്പിച്ചത്, എം.ജി.എം.എൽ.പി. സ്കൂൾ പുന്നക്കോട് (വെളിയം ഉപജില്ല) സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുളള അപേക്ഷ 28.10.2020 ൽ ലഭിച്ചുവെന്നും ആയതിന് 21.11.2020 ലെ എ1/3355/2020 കത്ത് പ്രകാരം മറുപടി നൽകിയിട്ടുളളതാണെന്നും ആയത് തൃപ്തികരമല്ലാത്തതിനാൽ ടിയാൻ അപ്പീൽ നൽകിയിരുന്നുവെന്നും അപ്പീൽ അതോറിറ്റി 19.01.2021 ൽ മറുപടി നൽകിയിരുന്നുവെന്നുമാണ്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ 23.10.2020 തീയതിയിലെ വിവരാവകാശ അപേക്ഷയ്ക്ക് എതിർകക്ഷി 20.11.2020 ൽ മറുപടി ലഭ്യമാക്കിയതായി കാണുന്നു. ടി മറുപടി തൃപ്തികരമല്ലാത്തതിനാൽ ടിയാൻ അപ്പീൽ നൽകിയതായും അപ്പീൽ അതോറിറ്റി 29.01.2021 ൽ മറുപടി നൽകിയതായും കാണുന്നു. എന്നാൽ

പൂർണ്ണമായും ഹർജികക്ഷിക്ക് മറുപടി ലഭ്യമാക്കിയതായി കാണുന്നില്ല. 10.11.2021 ൽ നടന്ന ഹിയറിംഗിൽ പങ്കെടുക്കാൻ ഹർജികക്ഷിക്ക് നോട്ടീസ് അയച്ചുവെങ്കിലും ടിയാൻ ഹിയറിംഗിൽ പങ്കെടുക്കുകയോ എന്തെങ്കിലും അസൗകര്യം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. എന്നിരുന്നാലും ഒന്നാം എതിർകക്ഷി കുറച്ചുകൂടി വ്യക്തമായതും വിശദമായതുമായ മറുപടി ഈ ഉത്തരവ് ലഭിച്ച് 10 ദിവസത്തിനകം ഹർജികക്ഷിക്ക് ലഭ്യമാക്കി വിവരം കമ്മീഷനെ അറിയിക്കേണ്ടതാണ് എന്നു കമ്മീഷൻ ഉത്തരവാകുന്നു.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2021 നവംബർ 16-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

അഡ്വ.എച്ച്. രാജീവൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)
dp